## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T4779** **14.11.2019 ൽ മറുപടിക്ക്**

## മലപ്പുറം ജില്ലയിൽ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മലപ്പുറം ജില്ലയിലെ ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഉത്തരവ് നമ്പർ.എ 3/664/ബസ്ഷെൽട്ടർ/ 2017, തീയതി 01.06.2018 ന് ബഹു.കൊണ്ടോട്ടി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഏഴ് സ്ഥലങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുന്നതിന് മലപ്പുറം ജില്ലയിലെ ദേശീയപാതാ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ അനുമതിയ്ക്കായി എന്തെല്ലാം രേഖകളാണ് ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്; അനുമതി സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) ബസ് കാത്തിരിപ്പ് കേന്ദ്രത്തിന്റെ പ്ലാനുകൾ, ലൊക്കേഷൻ സ്കെച്ച്, പൊതുജനങ്ങൾക്കും ട്രാഫിക്കിനും തടസ്സം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി ബഹു.ജില്ലാ കളക്ടറുടേയോ/ ആർ.ടി.ഒ യുടെയോ ശുപാർശ കത്തും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം എന്നീ രേഖകൾ ആണ് ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്. |
| (സി) സർക്കാർ ഉത്തരവോ ജില്ലാ ഭരണകൂടത്തിന്റെ ഉത്തരവോ ഇല്ലാതെ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾക്ക് റോഡ് സേഫ്റ്റി അതോറിറ്റി, ആർ.ടി.ഒ. എന്നിവരുടെ അനുമതി ആവശ്യപ്പെട്ടതിന്റെ സാഹചര്യം വ്യക്തമാക്കാമോ? | (സി) കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റേയും, ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റേയും നിർദ്ദേശങ്ങൾ ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത സ്ഥലങ്ങളിൽ അനുവദിക്കപ്പെട്ട ബസ് സ്റ്റോപ്പുകളുടേയും വിവരം അറിയുന്നതിനാണ് ആർ.ടി.ഒ യുടെ ശുപാർശ കത്ത് ആവശ്യപ്പെട്ടത്. ബഹു. കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി(സി) നമ്പർ 5218/19 വിധിയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തല റോഡ് സേഫ്റ്റി അതോറിറ്റിയുടെ തീരുമാനം ആവശ്യപ്പെട്ടത്. |

സെക്ഷൻ ഓഫീസർ

മലപ്പുറം പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. മുഹമ്മദ് ഇസ്മായിൽ.കെ. M.Tech.)

വിഷയം: കോണ്ടോട്ടി നിയോജകമണ്ഡലം- ആസ്തിവികസന പദ്ധതി 2017 ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മാണം ഉത്തരവാകുന്നത് -സംബന്ധിച്ച്

പരാമർശം:
1. 30/10/2017തീയതിയിലെ ബഹു. എം.എൽ.എ (കൊണ്ടോട്ടി) ശ്രീ.ടി.വി.ഇബ്രാഹിം ബഹു ജില്ലാകലക്ടർ മലപ്പുറത്തിന് അയച്ച 05/13/എ.ഡി.എസ് നമ്പർ കത്ത്
2. 27/11/2017തീയതിയിലെ ബഹു. ജില്ലാകലക്ടറുടെ ഡിb-3725/2017 നമ്പർ കത്ത്
3. ഈ ഓഫീസിലെ 01/06/2018ലെ ഇതേ നമ്പർ ഉത്തരവ്
4. 01/08/2018ലെ ബഹു. എം.എൽ.എ (കൊണ്ടോട്ടി) ശ്രീ.ടി.വി.ഇബ്രാഹിം അവർകളുടെ കത്ത്
5. 03/10/2018ലെ പെരിന്തൽമണ്ണ, പൊതുമരാമത്ത് വകുപ്പ്, ദേശീയപാത ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഡി1/09/എ.പി/1022/2018 നമ്പർ കത്ത്

**ഉത്തരവ് നമ്പർ എ3/664/ബസ് ഷെൽട്ടർ/2017 തീയതി 08/10/2018**

കൊണ്ടോട്ടി ബഹു. എം.എൽ.എ ശ്രീ.ടി.വി.ഇബ്രാഹിം അവർകളുടെ ആസ്തിവികസന ഫണ്ടിൽ നിന്നും മലപ്പുറം നാഷണൽ ഹൈവേ ഡിവിഷന്റെ പരിധിയിൽ വരുന്ന / സ്ഥലങ്ങളിൽ (മുസ്ലിയാരങ്ങാടി, കോളനിറോഡ്, കൊട്ടുക്കര, തുറക്കൽ, എയർപോർട്ട് ജംഗ്ഷൻ കൊളത്തൂർ, കൊട്ടപ്പുറം, കൈതക്കുണ്ട്) ബസ് വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുവാൻ വേണ്ടിയുള്ള പ്രൊപ്പോസൽ ബഹു. ജില്ലാകലക്ടർ, മലപ്പുറം മുഖേന ഈ ഓഫീസിൽ (പരാമർശം 2) ലഭിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത ബസ് ഷെൽട്ടർ നിർമ്മിക്കുവാൻ പരാമർശം (3) പ്രകാരം ഈ ഓഫീസിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. പരാമർശം (3) പ്രകാരം അനുമതി ലഭിച്ച ബസ് ഷെൽട്ടറുകളുടെ കൂട്ടത്തിൽ സിയാംകണ്ടം ചെറുകാവ് ഗ്രാമപഞ്ചായത്ത് എന്ന പ്രദേശത്ത് ബസ് ഷെൽട്ടർ നിർമ്മിക്കാൻ പരാമർശം (4) പ്രകാരം ബഹു. എം.എൽ.എ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്ഥലത്ത് ബസ് ഷെൽട്ടർ നിർമ്മിക്കുന്നതിന് യാതൊരു തടസ്സവുമില്ല എന്ന് പെരിന്തൽമണ്ണ. പൊതുമരാമത്ത് വകുപ്പ്, ദേശീയപാത ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതുകൊണ്ട് താഴെപറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സിയാംകണ്ടം ചെറുകാവ് ഗ്രാമപഞ്ചായത്ത് എന്ന പ്രദേശത്ത് ബസ് ഷെൽട്ടർ നിർമ്മിക്കുന്നതിന് താൽക്കാലിക അനുമതി നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**വ്യവസ്ഥകൾ**

1. പ്രസ്തുത സ്ഥലത്ത് വാഹനഗതാഗതത്തിനും, കാൽനടയാത്രക്കാർക്ക് തടസ്സം ഉണ്ടാകാത്ത രീതിയിൽ പ്രവൃത്തികൾ ചെയ്യിക്കേണ്ടതാണ്
2. റോഡ് വികസനത്തിനോ മറ്റോ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ തടസ്സമാകുന്നപക്ഷം പൊതുമരാമത്ത് വകുപ്പ് ആവശ്യപെടുമ്പോൾ ഉപാധികളൊന്നും കൂടാതെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്
3. പ്രസ്തുത പ്രവൃത്തി മൂലം റോഡിനോ, മറ്റു പൊതുമുതലുകൾക്കോ കേടുപാടുകൾ വരുന്ന പക്ഷം ആയതിന്റെ നഷ്ടം താങ്കളിൽ നിന്നും വസൂലാക്കുന്നതാണ്
4. ഈ പ്രവൃത്തിമൂലം ഓടയിലൂടെയുള്ള വെള്ളത്തിന്റെ ഒഴുക്കിന് തടസ്സമുണ്ടാകാതെ നോക്കേണ്ടതാണ്
5. ഉത്തരവ് കിട്ടി ഒരു മാസത്തിനുള്ളിൽ ടി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.
6. പെരിന്തൽമണ്ണ ദേശീയ പാത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ പ്രവൃത്തികൾ നടത്തേണ്ടതാണ്.
7. പ്രവൃത്തിയുടെ ഭാഗമായി ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മാണ ഏജൻസിയുമായി 200 രൂപയുടെ മുദ്ര പത്രത്തിൽ ഒരു കരാർ ഉടമ്പടി വെക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ

സെക്ഷൻ ഓഫീസർ

ഗ്രാഹകൻ
ജില്ലാ കലക്ടർ, മലപ്പുറം.

... എഞ്ചിനീയർ ദേശീയപാത ഉപവിഭാഗം